| Name: | Roll No: |
|---|---|

# INDIAN SCHOOL MUSCAT
## MID TERM EXAMINATION 2017-18
## MALAYALAM

**CLASS: VII** **TOTAL MARKS: 80**
**DATE : 19-09-2017** **DURATION: 2½ Hrs**

**I.അർഥം എഴുതുക** **(½ x 5= 2½)**

1. പങ്കജം
2. വ്രണം
3. വിത്തം
4. അനുമതി
5. വായസം

**II. പര്യായം എഴുതുക** **(1 x 5= 5)**

1. ഉദ്യാനം
2. ജലം
3. വസ്ത്രം
4. ഭയം
5. ആഴി

**III. വിപരീതം എഴുതുക** **(½ x 5= 2½)**

1. ശീതം
2. സ്വർഗം
3. വിദ്യ
4. രഹസ്യം
5. തെളിയുക

**IV. ഒറ്റപ്പദം എഴുതുക** **(1 x 5= 5)**

1. ദേവന്മാരുടെ പതി
2. സ്വന്തം ബോധം
3. അതിയായ മോദം
4. രാവും പകലും

5. വിദ്യ ഉള്ളവൻ

## V. അർഥവ്യത്യാസം എഴുതുക (1 x2 =2)

1. മേനി
   മുനി
2. ദേഹം
   ദ്രോഹം

## VI. എതിർലിംഗമെഴുതുക (½ x 5= 2½)

1. കാന്തൻ
2. പത്നി
3. മിടുക്കൻ
4. തനയൻ
5. അധ്യാപകൻ

## VII. ശരിയായപദം തിരഞ്ഞെടുത്തെഴുതുക (½ x 5= 2½)

1. അയുദം, അയുതം, അയുഥം
2. പുഷ്പവൃഷ്ടി, പുഷ്പവ്രഷ്ടി, പുഷ്പവൃശ്ടി
3. ഉതധി, ഉധദി, ഉദധി
4. ഉത്ഭവം, ഉദ്ഭവം, ഉത്ബവം
5. ആനന്തം, ആനന്ദം, ആനന്ധം

## VIII. നാനാർഥം എഴുതുക (1 x 5= 5)

1. ഉദ്യോഗം
2. ചിത്രം
3. ആശ
4. മദം
5. അർഥം

## IX. വിഗ്രഹിച്ചെഴുതുക (1 x 5= 5)

1. കൈത്തലം
2. രാജകൊട്ടാരം
3. വായസഗണം
4. പിതൃഭക്തി
5. പുൽപ്രദേശം

**X. പിരിച്ചെഴുതുക** **(1 x 4= 4)**

1. വസ്ത്രമതുപോലും
2. ശതമാകിൽ
3. ദിനന്തോറും
4. സ്വാഗതം

**XI. വാക്യത്തിൽപ്രയോഗിക്കുക** **(1½x 2= 3)**

1. പരിചയഭാവം നടിക്കുക
2. പച്ചപിടിച്ചുനിൽക്കുക

**XII. പ്രയോഗം മാറ്റുക** **(1 x 2= 2)**

1. ഹിമാലയ പർവതത്താൽ യുധിഷ്ഠിരൻ സ്വീകരിക്കപ്പെട്ടു.
2. ഹരിശ്ചന്ദ്രനാടകം ഗാന്ധിജിയെ വശീകരിച്ചു.

**XIII. ചേർത്തെഴുതുക** **(1 x 4= 4)**

1. വാസം + അറിയാതെ
2. ഒരു + അംഗം
3. സത്യം + എന്നത്
4. അ + കാലം

**XIV. പകരം പദം എഴുതുക** **(½ x 2= 1)**

1. സംസാരിക്കാൻ കഴിയാത്തവൻ
2. ചെവികേൾക്കാൻ കഴിയാത്തവൻ

**XV. ചേരുംപടി ചേർക്കുക** **(1 x 4= 4)**

| | |
|---|---|
| 1. മഞ്ഞുകാലം | എഴുത്തച്ഛൻ |
| 2. കുങ്കുമം ചുമക്കുന്ന കഴുത | എം.കെ.ഗാന്ധി |
| 3. കാകന്റെ അഹങ്കാരം | ചെറുശ്ശേരി |
| 4. എന്റെ കുട്ടിക്കാലം | പൂന്താനം |

**XVI. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **(1 x 4=4)**

1. ആരാണ് ദിനന്തോറും എച്ചിൽകൊടുത്ത് കാകനെ വളർത്തിയത്?
2. പാണ്ഡവരുടെ ആത്മമിത്രവും മാർഗദർശിയും ആരായിരുന്നു?
3. സത്യം എന്നത് എന്താണെന്നാണ് 'കുങ്കുമം ചുമക്കുന്ന കഴുത'എന്ന കവിതയിൽ കവി പറയുന്നത്?
4. ഗാന്ധിജിയുടെ സ്കൂളിൽ ഇൻസ്പെക്ഷന് വന്ന വിദ്യാഭ്യാസ ഇൻസ്പെക്ടർ ആരായിരുന്നു?

**XVII. പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** **(4 x 1= 4)**

ശീതം തഴച്ചോരു...............................

..................................മെന്നേയുള്ളു (8 വരികൾ)

**XVIII. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക** **(1 x 5=5)**

1. ശീതത്തെ തടയാനായി എല്ലാവരും പഞ്ഞിയിൽ തീർത്ത-----അണിഞ്ഞു.

   (കൂർപ്പാസം, കാർപ്പാസം, പ്രാലേയം)

2. ധർമപുത്രർ യുവരാജാവായ -----നെ രാജ്യഭാരം ഏൽപ്പിച്ച് യാത്രയ്ക്കൊരുങ്ങി.
   (ദുര്യോധനനെ, കൃഷ്ണനെ, പരീക്ഷിത്തിനെ)
3. കാകന്റെ കഥ കർണനോട് പറയുന്നത്----ആണ്
   (ശല്യർ, ദ്രോണർ, ഭീഷ്മർ)
4. 'കുങ്കുമം ചുമക്കുന്ന കഴുത'എന്ന കവിത----എന്ന കൃതിയിൽ നിന്നെടുത്തതാണ്.
   (മഹാഭാരതം കിളിപ്പാട്ട്, ജ്ഞാനപ്പാന, കൃഷ്ണഗാഥ)
5. അന്ധരായ മാതാപിതാക്കളെ-----തീർഥാടനത്തിനു കൊണ്ടുപോകുന്ന ചിത്രം ഗാന്ധിജിയുടെ മനസ്സ് കുളിർപ്പിച്ചു..
   (ഹരിശ്ചന്ദ്രൻ, യുധിഷ്ഠിരൻ, ശ്രാവണൻ)

**XIX. ഉത്തരം എഴുതുക** **( 2 x 6=12 )**

1. ശീതത്തെ തടയാൻ ഓരോരുത്തരും ചെയ്ത പ്രവൃത്തികൾ എന്തെല്ലാം?
2. വിദ്വാന്മാരായി നടിക്കുന്നവർ മനസ്സിലാക്കാത്തതെന്ത്?
3. കാകന്റെ അഹങ്കാരത്തിന്റെ ഫലം എന്തായിരുന്നു?
4. കൊട്ടാരത്തിൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ടെത്തിയ വാർത്ത എന്തായിരുന്നു?
5. കാകന് അഹങ്കാരമുണ്ടാകാൻ കാരണമെന്ത്?
6. ശ്രാവണന്റെ കഥയും ഹരിശ്ചന്ദ്രന്റെ നാടകവും ഗാന്ധിജിയെ എങ്ങനെയാണ് സ്വാധീനിച്ചത്?

**XX. തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **( 5 x 1=5)**

ചിങ്ങമാസം പിറന്നു. പ്രകൃതി കാറും കോളും മാറി സുന്ദരിയായി. കേരളമക്കൾ തങ്ങളുടെ ദേശീയോത്സവം കൊണ്ടാടുവാൻ ഒരുങ്ങുന്നു. ചിങ്ങം വിളവെടുപ്പ് കാലം കൂടിയാണല്ലോ. ജനങ്ങൾ സ്വാഭാവികമായി ആഹ്ലാദിക്കുന്ന കാലം. ഓണത്തെക്കുറിച്ചുള്ള ഐതിഹ്യം ഏവർക്കും അറിയാമല്ലോ. മഹാബലിയുടെ കാലത്തെ ദേശസമൃദ്ധിയെ അനുസ്മരിക്കുന്നതിനായി ഓണം ആഘോഷിക്കുന്നു. ധർമ്മവും നീതിയും അനുസരിച്ച് സർവജനങ്ങളെയും ഒന്നുപോലെ കരുതി സമത്വസുന്ദര ഭരണം നടത്തിയ ചക്രവർത്തിയായിരുന്നു മഹാബലി. മഹാബലിയുടെ ഭരണത്തിൽ അസൂയാലുക്കളായ ദേവന്മാർ, വാമനനെക്കൊണ്ട് മഹാബലിയെ പാതാളത്തിലേക്ക് നാടുകടത്തിച്ചു. വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണുവാൻ അവസരം നൽകണമെന്ന് മഹാബലി അപേക്ഷിച്ചുവെന്നും ചിങ്ങമാസത്തിലെ തിരുവോണനാളിൽ വന്നു കണ്ടുകൊള്ളാൻ അനുവദിച്ചുവെന്നുമാണ് കഥ. ഓണക്കാലത്ത് എല്ലാ കേരളീയഭവനങ്ങളിലും ഓണസദ്യയൊരുക്കുന്നു. സദ്യയ്ക്കുശേഷം ആളുകൾ അവർക്ക് ഇഷ്ടമുള്ള കളികളിലും വിനോദങ്ങളിലും ഏർപ്പെടുന്നു. ജാതിമതഭേദമന്യേ നാട്ടിൽ എല്ലാവരും ഓണക്കളികളിൽ ഏർപ്പെടുന്നു. മാനുഷരെല്ലാരുമൊന്നുപോലെ സമത്വത്തോടെ ജീവിക്കണമെന്ന സന്ദേശം കേരളീയരെ ഓണം ഓർമിപ്പിക്കുന്നു. പ്രശ്നങ്ങൾ നിറഞ്ഞലോകത്തിന് മലയാളികളുടെ ഓണം ഒരു നക്ഷത്രം പോലെ മാർഗദീപമാകട്ടെ.

1. കേരളമക്കൾ തങ്ങളുടെ ദേശീയോത്സവം കൊണ്ടാടുവാൻ ഒരുങ്ങുന്ന മാസം ഏത്?
2. എന്ത് അനുസ്മരിക്കുന്നതിനായാണ് ഓണം ആഘോഷിക്കുന്നത്?
3. എങ്ങനെയുള്ള ചക്രവർത്തിയായിരുന്നു മഹാബലി?
4. മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയപ്പോൾ അദ്ദേഹം അപേക്ഷിച്ചതെന്ത്?
5. ഏത് സന്ദേശമാണ് കേരളീയരെ ഓണം ഓർമിപ്പിക്കുന്നത്?